**ആളുകൾ പരലോകത്തെയും രക്ഷാശിക്ഷകളെയും നിഷേധിക്കുന്നത് ജ്ഞാനത്തെയോ ന്യായത്തെയോ ആസ്പദമാക്കിയല്ല. ധാർമികബാധ്യതകളോടുള്ള അലംഭാവവും ഭൗതികസുഖങ്ങളോടുള്ള ആർത്തിയുമാണവരെ അതിനു പ്രേരിപ്പിക്കുന്നത്**

# പരലോകം ഖുർആനിൽ

**അബൂയാസിർ**

വിശുദ്ധഖുർആൻ അവതരിപ്പിക്കുന്ന മൗലികപ്രധാനമായ മൂന്നു സിദ്ധാന്തങ്ങളിലൊന്നാണ് ഈമാനുൻബിൽ ആഖിറഃ (പരലോകവിശ്വാസം). തൗഹീദ് (ഏകദൈവത്വം), രിസാലഃ (പ്രവാചകത്വം) എന്നിവയാണ് മറ്റു രണ്ടെണ്ണം. ഭൗതികജീവിതമെന്നപോലെ ഭൗതികലോകവും ക്ഷണികവും നശ്വരവുമാണ്. ഗോചരമായ ഈ ലോകത്തിനപ്പുറം അഗോചരമായ മറ്റൊരു ലോകമുണ്ട്. അനശ്വരമായ ലോകം, അതാണ് പരലോകം. അവിടത്തെ ജീവിതമാണ് യഥാർഥവും ശാശ്വതവുമായ ജീവിതം. ഖുർആൻ പറഞ്ഞു: "പരലോകമാകുന്നു ഉത്തമവും ശാശ്വതവുമായിട്ടുള്ളത്" (87:17). "ഭൗതികജീവിതം കേവലം വിനോദവും തമാശയുമാകുന്നു" (6:32). "ഭൗതികജീവിതത്തിന്റെ ഭോഗം പരത്തിലുള്ള മോക്ഷത്തെ അപേക്ഷിച്ച് അതീവ തുഛമാകുന്നു" (9:38). "ദൈവഭക്തന്മാരെ സംബന്ധിച്ചേടത്തോളം വിശിഷ്ടമായിട്ടുള്ളത് പരലോകഗേഹംതന്നെയാകുന്നു. നിങ്ങൾ ചിന്തിച്ചുനോക്കുന്നില്ലേ?" (12:109).

മരണത്തോടെ മനുഷ്യൻ എന്നെന്നേക്കുമായി ഇല്ലാതാകുന്നില്ല. ഭൗതികജീവിതത്തിന്റെ വിരാമം മാത്രമാണത്. ഭൗതികജീവിതത്തിൽനിന്ന് വിരമിക്കുന്നവൻ അനന്തമായ പാരത്രികജീവിതത്തിലേക്ക് പ്രവേശിക്കുകയാണ്. പാരത്രികജീവിതത്തിൽ അവന്റെ ഭാഗധേയം നിശ്ചയിക്കപ്പെടുന്നത് ഭൗതികജീവിതത്തിലെ കർമങ്ങളെ ആധാരമാക്കിയാകുന്നു: "ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാകുന്നു"(നബിവചനം). ഭൗതികലോകത്തെ കർമങ്ങളുടെ ഫലമാണ് അഭൗതികലോകത്ത് ലഭിക്കുന്ന വിള. കർമങ്ങൾ നന്നായാൽ വിളയും നന്നാകും. പാരത്രികജീവിതം സുഖസമൃദ്ധവും ആനന്ദപൂർണവുമാകും. മറിച്ചായാൽ നിത്യദുഃഖത്തിലും മഹാദുരിതത്തിലും ഹീനതയിലും അകപ്പെടും.

## പരലോകത്തിന്റെ അനിവാര്യത

ദൈവം മനുഷ്യനെ ഈ ഭൂമിയിലേക്ക് സൃഷ്ടിച്ചയച്ചത് ഒരു പാഴ്‌വേലയായിട്ടല്ല. അവൻ തനിക്കു ലഭിച്ച കഴിവുകളും യോഗ്യതകളും ഉപയോഗിച്ച് തന്റെ ധർമം അനുഷ്ഠിക്കുന്നുവോ, അതല്ല അധർമമനുഷ്ഠിക്കുന്നുവോ എന്നു പരീക്ഷിക്കുകയാണ് മനുഷ്യസൃഷ്ടിയുടെ ലക്ഷ്യം. ഖുർആൻ ഇക്കാര്യം വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്: "ഭൂമിയിലുള്ളതൊക്കെയും നാം അതിന്ന് അലങ്കാരമാക്കിവച്ചിരിക്കുന്നു; അവരിൽനിന്നായി കർമമനുഷ്ഠിക്കുന്നതാരെന്ന് പരീക്ഷിക്കാൻ" (18:7). "മനുഷ്യനെ നാം മിശ്രിതമായ ശുക്ലകണത്തിൽനിന്ന് സൃഷ്ടിച്ചു, അവനെ പരീക്ഷിക്കാൻ വേണ്ടി. അതിനാൽ അവനെ കേൾവിയും കാഴ്ചയുമുള്ളവനാക്കിയിരിക്കുന്നു. നാം അവന് മാർഗം കാണിച്ചുകൊടുക്കുകയും ചെയ്തു. അവൻ നന്ദിയുള്ളവനാകാം, നന്ദികെട്ടവനുമാകാം" (76:2).

ഈ പരീക്ഷണം അർഥവത്താകണമെങ്കിൽ പരീക്ഷയിൽ നേടുന്ന വിജയത്തിന്റെയും പരാജയത്തിന്റെയും ഫലം വ്യത്യസ്തമായിരിക്കണം. തോറ്റവർക്കും ജയിച്ചവർക്കും തുല്യഫലം ലഭിക്കുന്ന പരീക്ഷ നിരർഥകമാണല്ലോ. ഭൗതികജീവിതമാകുന്ന പരീക്ഷയുടെ ഫലം അനുഭവിക്കുന്ന ലോകമാകുന്നു പരലോകം. പരലോകവും പാരത്രികരക്ഷാശിക്ഷകളും ഇല്ലെങ്കിൽ മനുഷ്യജന്മത്തിന് അർഥമോ ലക്ഷ്യമോ ഇല്ല. അതുകൊണ്ടാണ് പരലോകത്തെ നിഷേധിക്കുന്നവരോട് ഖുർആൻ ഇങ്ങനെ ചോദിക്കുന്നത്: "നിങ്ങളെ നാം വ്യർഥവേലയായി സൃഷ്ടിച്ചതാണെന്നും നിങ്ങളൊരിക്കലും നമ്മിലേക്ക് മടക്കപ്പെടുകയില്ലെന്നും നിങ്ങൾ വിചാരിക്കുന്നുവോ?" (23:115).

പരലോകം ഒരു അതിഭൗതികയാഥാർഥ്യമാണ്. കേവലയുക്തികൊണ്ട് അതു സ്ഥാപിക്കാനാവില്ല. അതിന്റെ പേരിലാണ് നാസ്തികർ പരലോകത്തെ നിഷേധിക്കുന്നത്. പക്ഷേ, കേവല യുക്തിക്ക് പരലോകനിഷേധവും സ്ഥാപിക്കാനാവില്ല എന്നതാണ് യാഥാർഥ്യം. പരലോകത്തെയും ഉയിർത്തെഴുന്നേൽപി



cmyk



നെയും നിഷേധിക്കുന്നവരെ ഖുർആൻ നേരിടുന്നതിങ്ങനെയാണ്: "സ്വന്തം സൃഷ്ടിയുടെ കാര്യം വിസ്മരിച്ചുകൊണ്ട് അവൻ ചോദിക്കുന്നു: ദ്രവിച്ചുകഴിഞ്ഞ അസ്ഥികൾ ആരാണ് പുനരുജ്ജീവിപ്പിക്കുക? പറയുക: ആദ്യം സൃഷ്ടിച്ചവനാരോ അവൻ തന്നെ വീണ്ടും അതിനെ ജീവിപ്പിക്കും. സൃഷ്ടിരഹസ്യങ്ങളൊക്കെയും അറിയുന്നവനത്രെ അവൻ" (36:78,79).

## പരലോകനിഷേധത്തിന്റെ പ്രചോദനം

അതിഭൗതികകാര്യങ്ങളിലും സത്യധർമാദികളുടെ യാഥാർഥ്യത്തിലും വിശ്വസിക്കുന്നവർക്ക് പരലോകത്തെ അവിശ്വസിക്കാനാവില്ല. കാരണം, ആ വിശ്വാസങ്ങളുടെ അനിവാര്യതയാണ് പരലോകവിശ്വാസം. ഭൗതികലോകത്ത് മനുഷ്യനെ സത്യത്തോടും ധർമത്തോടും പ്രതിബദ്ധതയുള്ളവനാക്കുന്ന ഏറ്റവും ശക്തമായ ഘടകം പരലോകവിശ്വാസമാണ്. ഖുർആൻ പറഞ്ഞു: "പരലോകത്തിൽ വിശ്വസിക്കാത്തവരുണ്ടല്ലോ, അവരുടെ മനസ്സുകൾ ധർമനിഷേധത്തിൽ ഊട്ടപ്പെടുന്നു. അവർ അഹങ്കാരികളായിത്തീരുകയും ചെയ്യും" (16:22). "പരലോകത്തെ അംഗീകരിക്കാൻ കൂട്ടാക്കാത്തവർ തീർച്ചയായും സന്മാർഗത്തിൽനിന്ന് തെറ്റിനടക്കാനാഗ്രഹിക്കുന്നവരാകുന്നു" (23:74). "പരലോകവിശ്വാസമില്ലാത്തവർ ദുഷിച്ച വിശേഷണങ്ങൾക്കർഹരായിത്തീരുന്നു" (16:60). "മറുലോകത്തിൽ വിശ്വസിക്കാത്തവർക്ക് നാം അവരുടെ ചെയ്തികളൊക്കെയും ആകർഷകമാക്കിക്കൊടുക്കുന്നു. അങ്ങനെ അവർ വഴിപിഴച്ച് ഉഴലുന്നു" (27:4).

ഖുർആന്റെ വീക്ഷണത്തിൽ, ആളുകൾ പരലോകത്തെയും രക്ഷാശിക്ഷകളെയും നിഷേധിക്കുന്നത് ജ്ഞാനത്തെയോ ന്യായത്തെയോ ആസ്പദമാക്കിയല്ല. ധാർമികബാധ്യതകളോടുള്ള അലംഭാവവും ഭൗതികസുഖങ്ങളോടുള്ള ആർത്തിയുമാണവരെ അതിനു പ്രേരിപ്പിക്കുന്നത്. ഖുർആൻ പറയുന്നു: "പരലോകം സംബന്ധിച്ച ജ്ഞാനമേ ഈ ആളുകൾക്ക് വിനഷ്ടമായിരിക്കുന്നു. എന്നല്ല, അവരതു സംബന്ധിച്ച് സന്ദേഹത്തിലാകുന്നു. അല്ല, അവർ അതേക്കുറിച്ച് അന്ധരാകുന്നു" (27:66). "ഭൗതികജീവിതത്തിന്റെ ബാഹ്യമുഖം മാത്രമാണവരറിയുന്നത്. പരലോകത്തെ സംബന്ധിച്ച് അവർ തികച്ചും അശ്രദ്ധരാകുന്നു. തങ്ങളെക്കുറിച്ച് തന്നെ അവർ തീരെ ആലോചിച്ചുനോക്കിയിട്ടില്ലയോ? അല്ലാഹു ആകാശഭൂമികളെയും അവയ്ക്കിടയിലുള്ള സകല വസ്തുക്കളെയും യാഥാർഥ്യമായിക്കൊണ്ടും കൃത്യമായ അവധി നിശ്ചയിച്ചുകൊണ്ടുമാണ് സൃഷ്ടിച്ചിട്ടുള്ളത്. ഇതൊക്കെ കണ്ടിട്ടും ജനം അവരുടെ നാഥനുമായി സന്ധിക്കേണ്ടിവരും എന്ന യാഥാർഥ്യത്തെ നിഷേധിക്കുകയാണ്" (30:8).

## പുനർജന്മവും പരലോകവും

കർമഫലമനുഭവിക്കാൻ മനുഷ്യൻ ഈ ലോകത്തുതന്നെ വീണ്ടും വീണ്ടും ജന്മമെടുത്തുകൊണ്ടിരിക്കും എന്നു സങ്കൽപിക്കുന്ന പുനർജന്മസിദ്ധാന്തത്തെ ഇസ്‌ലാം നിഷേധിക്കുന്നു. മനുഷ്യന് ഭൗതിക ജീവിതം ഒരിക്കലേ ലഭിക്കൂ. അതൊരു പരീക്ഷയാണ്. ആ പരീക്ഷയിൽ ജയിച്ചവർക്ക് സ്വർഗീയമായ പാരത്രികജീവിതമാണ് തുടർന്നു ലഭിക്കുക. തോറ്റവർക്ക് നരകീയമായ പാരത്രികജീവിതവും. വീണ്ടും വീണ്ടും ഭൂമിയിൽ ജന്മമെടുത്ത് കർമങ്ങൾ ശുദ്ധീകരിച്ച് ഒടുവിൽ മോക്ഷം നേടുക എന്ന സങ്കൽപം മനുഷ്യന്റെ ഒരു വ്യാമോഹം മാത്രമായിട്ടാണ് ഖുർആൻ വിവരിക്കുന്നത്. പാപികൾ പരലോകത്ത് പുനർജന്മം ആവശ്യപ്പെടുമെന്നും അല്ലാഹു അതനുവദിക്കുകയില്ലെന്നും ഖുർആൻ ആവർത്തിച്ച് മുന്നറിയിപ്പു നൽകുന്നുണ്ട്: "കഷ്ടം! പാപികൾ അവരുടെ നാഥന്റെ സമക്ഷം തലകുനിച്ചുനിൽക്കുന്നത് നീയെങ്ങാനും കാണുകയാണെങ്കിൽ! അപ്പോൾ അവർ കേണുകൊണ്ടിരിക്കും: ഞങ്ങളുടെ നാഥാ, കണ്ടും കേട്ടും ഞങ്ങൾക്ക് നന്നായി ബോധ്യപ്പെട്ടുകഴിഞ്ഞു. ഇനി നീ ഞങ്ങളെ വീണ്ടും ഭൂമിയിലേക്ക് തിരിച്ചയക്കേണമേ, ഞങ്ങൾ സൽക്കർമങ്ങൾ അനുഷ്ഠിച്ചുകൊള്ളാം"(32: 12). "അവർ കണ്ടിട്ടില്ലേ, അവർക്കുമുമ്പ് എത്രയോ തലമുറകളെ നാം നശിപ്പിച്ചിട്ടുള്ളത്? അവരാരും അവരിലേക്കു തിരിച്ചുവരുന്നില്ല."(36: 31).

## ലോകാവസാനം

എന്നായിരിക്കും ഭൗതികലോകത്തിന്റെ അവസാനമെന്ന് സൃഷ്ടികളെ - പ്രവാചകന്മാരെപ്പോലും - അല്ലാഹു അറിയിച്ചിട്ടില്ല. എങ്കിലും ലോകാവസാനത്തെ ഖുർആൻ പലയിടത്തും വർണിച്ചിട്ടുണ്ട്. അസ്സാഅഃ (നിശ്ചിത സമയം), യൗമുൽ ഖിയാമഃ (ഉയിർത്തെഴുന്നേൽപുനാൾ), യൗമുൽ ഹശ്ർ (മഹാ സഭാനാൾ), യൗമുൽ ആഖിർ (അന്ത്യനാൾ), യൗമുൽ ഹിസാബ് (വിചാരണാനാൾ), യൗമുദ്ദീൻ (പ്രതിഫലദിനം) എന്നിങ്ങനെയാണ് ഖുർആൻ ലോകാവസാനത്തെ വിളിക്കുന്നത്.

ലോകം ധാർമികമായി അത്യന്തം ദുഷിച്ചുകഴിഞ്ഞ ഒരു സന്ദർഭത്തിലായിരിക്കും അന്ത്യനാൾ സംഭവിക്കുക എന്നാണ് പ്രമാണങ്ങളിൽനിന്ന് വ്യക്തമാകുന്നത്. ഒരു കുഴലൂത്ത് ആയിരിക്കും ലോകാവസാ



cmyk

നത്തിനു നാന്ദികുറിക്കുകയെന്ന് ഖുർആൻ പറയുന്നു (27: 87). അതുണ്ടാകുന്നതോടെ സൃഷ്ടികളാസകലം ഭയവിഹ്വലരാവുകയും അന്ധാളിക്കുകയും ചെയ്യുന്നു. അനന്തരം മറ്റൊരു ഊത്തുകൂടിയുണ്ടാകുന്നു. അപ്പോൾ എല്ലാ സൃഷ്ടികളും മരിച്ചുവീഴുന്നു. അനന്തരം മൂന്നാമതും ഊതപ്പെടുന്നു. അപ്പോൾ ആദിപിതാവ് മുതൽ അവസാനത്തെ മനുഷ്യപുത്രൻ വരെയുള്ള സകല സൃഷ്ടികളും ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നു. തുടർന്ന് വിചാരണാനടപടികൾക്കായി കർമപുസ്തകവും സാക്ഷികളും പ്രവാചകന്മാരും ഹാജരാക്കപ്പെടുന്നു.

ഈ കർമപുസ്തകങ്ങൾക്കു പുറമെ കേസുകൾ തെളിയിക്കുന്നതിന് വേറെയും സാക്ഷികളുണ്ടാകും. അക്രമപ്രവർത്തനങ്ങളും ഉപകാരപ്രവർത്തനങ്ങളും സ്ഥിരീകരിക്കാൻ, അക്രമങ്ങൾക്കും ഉപകാരങ്ങൾക്കും വിധേയരായ സൃഷ്ടികൾ. ആരും കാണാതെ ചെയ്ത കർമങ്ങൾക്ക് സാക്ഷികളായിവരിക, അതു ചെയ്ത സ്വന്തം അവയവങ്ങൾ തന്നെയായിരിക്കുമെന്ന് ഖുർആൻ പറയുന്നു(36:65).

## വിചാരണ

ഭൂമിയിൽവച്ച് ചെയ്ത കർമങ്ങളെ പരലോകത്തുവച്ച് അല്ലാഹു വിചാരണ ചെയ്യും. രേഖകൾ, സാക്ഷികൾ, നിയമ പ്രമാണങ്ങൾ തുടങ്ങി ന്യായവിചാരണയുടെ എല്ലാ ഉപാധികളും ഹാജരാക്കപ്പെടുകയും പരിശോധിക്കപ്പെടുകയും ചെയ്തശേഷമാണ് അല്ലാഹുവിന്റെ കോടതി വിധി കൽപിക്കുക. ദൈവികവിചാരണയെ ത്രാസിനോടാണ് ഖുർആൻ ഉപമിച്ചിരിക്കുന്നത്. ഓരോ വ്യക്തിയുടെയും നന്മകളും തിന്മകളും ത്രാസിന്റെ രണ്ടു തട്ടുകളിലിട്ട് തൂക്കിനോക്കുന്നു: "ആരുടെ നന്മയുടെ തട്ട് ഭാരം തൂങ്ങുന്നുവോ അവൻ സംപ്രീതമായ പാരത്രികജീവിതത്തിലേക്ക് നയിക്കപ്പെടുന്നു. ആരുടെ നന്മയുടെ തട്ട് ഭാരശൂന്യമാകുന്നുവോ അവന്റെ സങ്കേതം മഹാഗർത്തമാകുന്നു. എന്താണതെന്നോ, അതിതപ്തമായ നരകം!"(101: 6-11). അല്ലാഹുവിന്റെ കോടതി ആരോടും പക്ഷഭേദമോ അന്യായമോ കാണിക്കുകയില്ല: "ആർ അണുഅളവ് നന്മ ചെയ്തിട്ടുണ്ടോ, അതവൻ പരലോകത്ത് കാണുന്നതാണ്. ആർ അണു അളവ് തിന്മ ചെയ്തിട്ടുണ്ടോ അത് അവനും കാണുന്നതാണ്."(99: 7-8)

പാപങ്ങൾ പൊറുക്കപ്പെടാവുന്നതിന്റെ പരമാവധി അല്ലാഹു പൊറുത്തുകൊടുക്കും. അവശേഷിക്കുന്ന കുറ്റങ്ങൾക്ക് ന്യായമായ ശിക്ഷ നൽകുന്നു. സൽക്കർമങ്ങളുടെ സമൃദ്ധി കുറ്റങ്ങൾ പൊറുക്കപ്പെടാനുള്ള ഒരു ഉപാധിയാകുന്നു: "നന്മകൾ തിന്മകളെ പോക്കിക്കളയുന്നു"(11: 114). നന്മകൾ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുന്നു. പാപങ്ങൾ പ്രായശ്ചിത്തമാക്കപ്പെട്ട ശേഷവും നന്മകൾ ബാക്കിയുള്ളപ്പോഴാണ് നന്മയുടെ തട്ട് തിന്മയുടെ തട്ടിനേക്കാൾ ഭാരം തൂങ്ങുന്നത്. നന്മകളെല്ലാം തിന്മകൾക്ക് പ്രായശ്ചിത്തമാക്കപ്പെട്ടിട്ടും തിന്മകൾ അവശേഷിക്കുമ്പോൾ തിന്മയുടെ തട്ട് ഭാരം തൂങ്ങുന്നു. ഇങ്ങനെയുള്ളവർ അവരുടെ തിന്മകൾക്ക് അർഹിക്കുന്ന ശിക്ഷ അനുഭവിക്കേണ്ടിവരികതന്നെ ചെയ്യും. അത് കഠോരമായിരിക്കുമെന്ന് ഖുർആൻ ആവർത്തിച്ച് താക്കീത് ചെയ്തിട്ടുണ്ട്.

സ്വർഗവും നരകവും പരലോകത്തെ രണ്ടു പ്രതിഭാസങ്ങളാണ്. മരണാനന്തരം രക്ഷാശിക്ഷകൾക്ക് വിധേയരാകുന്നവർ ഈ രണ്ടു താവളങ്ങളിലാണെത്തിച്ചേരുന്നത്. സകലവിധ സുഖാനന്ദങ്ങളുടെയും പര്യായമാണ് സ്വർഗം. സകലവിധ യാതനകളുടെയും പര്യായം നരകവും.

സ്വർഗം, നരകം, വിചാരണ തുടങ്ങിയ പരലോകപ്രതിഭാസങ്ങളെ ഭൗതികലോകത്തിലെ പദാർഥപ്രപഞ്ചത്തിന്റെ പരിമിതികളിൽനിന്നുകൊണ്ട് പൂർണമായും മനസ്സിലാക്കാനാവില്ല. അതിനാലാണ് ഒരു കണ്ണും കാണാത്തതും ഒരു കാതും കേൾക്കാത്തതും ഒരു മനസ്സും അറിയാത്തതുമെന്ന് പ്രവാചകൻ അതിനെ വിശേഷിപ്പിച്ചത്.

## കർമഫല വ്യവസ്ഥ

മനുഷ്യന് ഭൗതികജീവിതത്തിലെ ഓരോ കർമത്തിനുമുള്ള യഥാർഥ ഫലം ലഭിക്കുന്നത് പരലോകത്തു വച്ചാണ്. ഇസ്‌ലാം കർമഫലത്തെ രണ്ടായി കാണുന്നു: ഒന്ന്, ഭൗതികഫലം. രണ്ട്, ധാർമികഫലം. കർമങ്ങൾക്ക് കാര്യകാരണ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ തൽക്ഷണം ലഭിക്കുന്ന ഫലമാണ് ഭൗതികഫലം. കണ്ണു തുറന്നാൽ കാണുക, വെയിലേറ്റാൽ ഉഷ്ണിക്കുക, അടികൊണ്ടാൽ വേദനിക്കുക ഇതൊക്കെ കർമങ്ങളുടെ ഭൗതികഫലങ്ങളാണ്. ഒരാൾ ഇത്തരം കർമങ്ങൾ വിശിഷ്ട ലക്ഷ്യങ്ങൾക്കുവേണ്ടി ശരിയായ രീതിയിൽ ചെയ്താലും ദുഷ്ടലക്ഷ്യങ്ങൾക്കുവേണ്ടി തെറ്റായ രീതിയിൽ ചെയ്താലും ഈ ഫലങ്ങളുണ്ടാകും. ഖുർആൻ ഇതിനെ *ആജിലഃ* (തൽക്ഷണഫലം) എന്നാണ് വിളിക്കുന്നത്. ഒരാൾ അധ്വാനിച്ച് സമ്പാദിച്ച് ഭക്ഷണം കഴിച്ചാലും മറ്റാരെങ്കിലും സമ്പാദിച്ചുവച്ചത് മോഷ്ടിച്ചു തിന്നാലും വിശപ്പു മാറുക എന്ന *ആജിലഃ* العاجلة-തൽക്ഷണഫലം) ലഭിക്കുന്നു. എന്നാൽ കട്ടുതിന്നലും അധ്വാനിച്ചുതിന്നലും ധാർമികമായി പരസ്പര വിരുദ്ധമായ കർമങ്ങളാകുന്നു. ഒന്ന്, ധർമവും മറ്റേത് അധർമവും. അവയുടെ ധാർമികഫലങ്ങളും പരസ്പരവിരുദ്ധമായിരിക്കും. ധാർമികഫലം തൽക്ഷണം പ്രത്യക്ഷമാകണമെന്നില്ല. അത് *ആജിലഃ* الآجلة-അവധി നിശ്ചയിക്കപ്പെട്ടത്) ആകുന്നു. കർമങ്ങളുടെ ധാർമികഫലം പ്രത്യക്ഷപ്പെടുന്ന അവധിയാണ് വിചാരണാനാൾ. അത് അനുഭവിക്കുന്ന ഇടമാണ് പരലോകം.

ഈ ലോകത്ത് എത്രയോ ധിക്കാരികളും സത്യനിഷേധികളും അഴിമതിക്കാരും അക്രമികളും മർദകരും അവരുടെ ദുഷ്കർമങ്ങൾക്ക് യാതൊരു ശിക്ഷയും അനുഭവിക്കാതെ മരിച്ചുപോകുന്നു. സത്യത്തിൽനിന്നും നീതിയിൽനിന്നും വ്യതിചലിക്കാതെ സുകൃതികളും ധർമിഷ്ഠരുമായി ജീവിച്ച എത്രയോ സജ്ജനങ്ങൾ അതിന്റെയൊന്നും യാതൊരു നേട്ടവും അനുഭവിക്കാതെ പീഡനങ്ങളും യാതനകളും മാത്രം അനുഭവിച്ചുകൊണ്ടും മരിച്ചുപോകുന്നു. ഈ രണ്ടു വിഭാഗവും അവരുടെ കർമങ്ങളുടെ ധാർമികഫലം കണ്ടെത്തുകയും അനുഭവിക്കുകയും ചെയ്യുന്നത് പരലോകത്താണ്. ഇങ്ങനെയൊരു ലോകം ഇല്ല; ദുഷ്ടന്റെയും ശിഷ്ടന്റെയും മരണാനന്തരാവസ്ഥ ഒന്നുതന്നെ എന്നു സങ്കൽപിച്ചാൽ സത്യം, നീതി തുടങ്ങിയ മൂല്യസങ്കൽപങ്ങൾ നിരർഥകങ്ങളാകുന്നു.

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ഏതൊരു ലക്ഷ്യത്തിനുവേണ്ടിയാണോ ആ ലക്ഷ്യം സാക്ഷാത്കരിക്കുകയാണ് മനുഷ്യന്റെ ധർമം. അതിനുവേണ്ടിയാണ് ദൈവം മലക്കുകളിലൂടെ, പ്രവാചകന്മാരിലൂടെ, വേദങ്ങളിലൂടെ മനുഷ്യനെ അവന്റെ ജീവിതത്തിന്റെ അർഥങ്ങൾ പഠിപ്പിച്ചിട്ടുള്ളത്. മനുഷ്യൻ അവന്റെ ധർമം നിർവഹിക്കുന്നുണ്ടോ എന്ന് ദൈവം സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്ന് വിശുദ്ധ ഖുർആൻ 30-ഓളം സ്ഥലങ്ങളിൽ ഉണർത്തുന്നുണ്ട്. കൂടാതെ മനുഷ്യന്റെ ഓരോ ചലനവും കണിശമായി രേഖപ്പെടുത്തിവയ്ക്കാൻ മലക്കുകളെ നിയോഗിക്കുകയും ചെയ്തിരിക്കുന്നു (50: 18). വിപുലമായ ഈ സംവിധാനങ്ങളെല്ലാം തന്നെ, ദൈവം ഗംഭീരമായ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് കുറേക്കാലം പരിപാലിച്ചശേഷം ഒരു കളിക്കുട്ടി തന്റെ കളിപ്പാട്ടമെന്നോണം വെറുതെ എറിഞ്ഞുടച്ചുകളയില്ല എന്ന് വിളിച്ചോതുന്നതാണ്. തികച്ചും യുക്തിബദ്ധമായ ഈ സംവിധാനങ്ങൾക്കെല്ലാം കൂടുതൽ അർഥവത്തായ ഒരു പരിണതിയുണ്ടാകേണ്ടതുണ്ട്. പരലോകവും രക്ഷാശിക്ഷകളും ഇല്ലെങ്കിൽ ദൈവത്തിന്റെ യുക്തി, നീതി, വിധികർത്തൃത്വം തുടങ്ങിയ ഗുണങ്ങൾക്ക് അർഥമില്ലാതാകുന്നു. അതുകൊണ്ട് നേരത്തേ സൂചിപ്പിച്ചപോലെ ദൈവത്തിന്റെ ഗുണവിശേഷങ്ങളിലും മലക്കുകൾ, വേദങ്ങൾ, പ്രവാചകന്മാർ എന്നിവയിലുമുള്ള വിശ്വാസത്തിന്റെ അനിവാര്യത കൂടിയാകുന്നു പരലോകവിശ്വാസം. ■